# 2022-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2022-2023 സാമ്പത്തികവർഷത്തിലെ സർവ്വീസുകൾക്കായി
കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില
തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും
ചെയ്യുന്നതിന് അധികാരപ്പെടുത്തുന്ന

ഒരു

ബിൽ

പീഠിക.—2022-2023 സാമ്പത്തികവർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും ചില തുകകൾകൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്നത് ആവശ്യമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2022-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

2. 2022-2023 സാമ്പത്തികവർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 28,92,07,000 രൂപ നൽകൽ.—2022-2023 സാമ്പത്തികവർഷത്തിൽ വന്നുചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിനായി പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്ത തും മൊത്തം ഇരുപത്തിയെട്ട് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി ഏഴായിരം രൂപ മാത്രം വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. ധനവിനിയോഗം.—ഈ ആക്റ്റ് പ്രകാരം കേരള സംസ്ഥാന സഞ്ചിത നിധിയിൽനിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടു ത്തിയിട്ടുള്ള തുകകൾ 2022-2023 സാമ്പത്തികവർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കുംവേണ്ടി വിനിയോഗിക്കേണ്ടതാണ്.

KNPP. 938/2022.

# പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | *കവിയാൻ പാടില്ലാത്ത തുകകൾ* | | |
| *ക്രമ നമ്പർ* | *ധനാഭ്യർത്ഥന നമ്പർ* | *സർവ്വീസുകളും ആവശ്യങ്ങളും* | | *നിയമസഭ വോട്ട് ചെയ്തത് (₹)* | *സഞ്ചിതനിധി യിന്മേൽ ചാർജ് ചെയ്തത് (₹)* | *ആകെ (₹)* |
| 1 | II | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | റവന്യൂ | 2,000 | .. | 2,000 |
| 2 | III | നീതിന്യായ നിർവ്വഹണം | റവന്യൂ | 2,000 | .. | 2,000 |
| 3 | V | ചരക്ക് സേവന നികുതിയും, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും | റവന്യൂ | 1,000 | .. | 1,000 |
| 4 | X | ട്രഷറികളും അക്കൗണ്ടുകളും | റവന്യൂ | 2,000 | .. | 2,000 |
| 5 | XI | ജില്ലാഭരണവും പലവകയും | റവന്യൂ | 20,19,23,000 | .. | 20,19,23,000 |
| 6 | XII | പോലീസ് | റവന്യൂ | 2,000 | .. | 2,000 |
| 7 | XIII | ജയിലുകൾ | റവന്യൂ | 1,000 | .. | 1,000 |
| 8 | XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | റവന്യൂ | .. | *24,05,000* | 24,05,000 |
| 9 | XVI | പെൻഷനും പലവകയും | റവന്യൂ | 4,000 | .. | 4,000 |
| 10 | XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | റവന്യൂ | 9,000 | .. | 9,000 |
| | | | മൂലധനം | 2,000 | .. | 2,000 |
| 11 | XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | റവന്യൂ | 2,000 | .. | 2,000 |
| | | | മൂലധനം | 1,000 | .. | 1,000 |
| 12 | XX | ശുദ്ധജല വിതരണവും ശുചീകരണവും | റവന്യൂ | 1,000 | .. | 1,000 |
| 13 | XXII | നഗരവികസനം | മൂലധനം | .. | *3,84,18,000* | 3,84,18,000 |
| 14 | XXIV | തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | മൂലധനം | 1,000 | .. | 1,000 |
| 15 | XXVII | സഹകരണം | റവന്യൂ | 1,000 | .. | 1,000 |
| 16 | XXIX | കൃഷി | റവന്യൂ | 6,000 | .. | 6,000 |
| | | | മൂലധനം | 2,000 | .. | 2,000 |

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | *കവിയാൻ പാടില്ലാത്ത തുകകൾ* | | |
| *ക്രമ നമ്പർ* | *ധനാഭ്യർത്ഥന നമ്പർ* | *സർവ്വീസുകളും ആവശ്യങ്ങളും* | | *നിയമസഭ വോട്ട് ചെയ്തത് (₹)* | *സഞ്ചിതനിധിയിന്മേൽ ചാർജ്ജ് ചെയ്തത് (₹)* | *ആകെ (₹)* |
| 17 | XXX | ഭക്ഷ്യം | റവന്യൂ | 1,000 | *7,61,000* | 7,62,000 |
| 18 | XXXII | ക്ഷീരവികസനം | മൂലധനം | 1,000 | *4,01,48,000* | 4,01,49,000 |
| 19 | XXXVII | വ്യവസായങ്ങൾ | റവന്യൂ | 57,000 | .. | 57,000 |
| | | | മൂലധനം | 1,000 | .. | 1,000 |
| 20 | XXXVIII | ജലസേചനം | മൂലധനം | 2,000 | .. | 2,000 |
| 21 | XLII | വിനോദസഞ്ചാരം | റവന്യൂ | 1,000 | .. | 1,000 |
| | | | മൂലധനം | 1,000 | *54,47,000* | 54,48,000 |
| 22 | XLVI | സാമൂഹ്യസുരക്ഷിതത്വവും | റവന്യൂ | 1,000 | .. | 1,000 |
| | | ക്ഷേമവും | മൂലധനം | 1,000 | .. | 1,000 |
| | | | **ആകെ** | **20,20,28,000** | ***8,71,79,000*** | **28,92,07,000** |